# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2181 | 12-02-2013-ൽ മറുപടിയ്ക്ക്

### വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവൽകരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.. |
| (ബി) 2012 ജനവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ മരിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; 2011-ൽ ആയത് എത്ര; 2011-2012 വർഷങ്ങളിൽ ഏറ്റവും കൂടുതൽ എണ്ണം റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ; വ്യക്തമാക്കുമോ; | (ബി) 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 3,800 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2011-ൽ ഇതേ കാലയളവിൽ 3,850 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2012-ൽ ഏറ്റവും കൂടുതൽ വാഹനാപകടം 517 എണ്ണം എറണാകുളം ജില്ലയിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവയിൽ സിറ്റി 136, റൂറൽ 381 എന്ന ക്രമത്തിലും, 2011-ൽ ഇതേ ജില്ലയിൽ റിപ്പോർട്ട് ചെയ്ത 510 കേസ്സുകളിൽ സിറ്റി 171, റൂറൽ 339 എന്ന ക്രമത്തിലുമാണ്. |

| | | | |
|---|---|---|---|
| (സി) | അപകടങ്ങളിൽ പരിക്കേറ്റതുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം 2012-ൽ എത്ര; ആയത് 2011-ൽ എത്രയായിരുന്നു; ഇക്കാര്യത്തിൽ, 2012-ൽ ഏത് ജില്ലയിലാണ് കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത് ; എത്ര എണ്ണം; ആയത് 2011-മായി താരതമ്യം ചെയ്യുമോ; വിശദമാക്കാമോ; | (സി) | 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 30,295 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2011-ൽ ഇതേ കാലയളവിൽ 30,269 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 2012-ൽ അപകടങ്ങളിൽ പരിക്കേറ്റതുമായി ബന്ധപ്പെട്ട ഏറ്റവും കൂടുതൽ കേസുകൾ 4879 എണ്ണം എറണാകുളം ജില്ലയിലാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവയിൽ സിറ്റി 1915, റൂറൽ 2964 എന്ന ക്രമത്തിലും, 2011-ൽ ഇതേ ജില്ലയിൽ റിപ്പോർട്ട് ചെയ്ത 4459 കേസ്സുകളിൽ സിറ്റി 1599, റൂറൽ 2860 എന്ന ക്രമത്തിലുമാണ്. 2011-മായി താരതമ്യം ചെയ്യുമ്പോൾ 420 കേസ്സുകൾ 2012-ൽ കൂടുതലാണ്. |
| (ഡി) | മദ്യപിച്ച് അലക്ഷ്യമായി വാഹനമോടിക്കുന്നവരുടെ ഭാഗത്തുനിന്നുമാണ് ഇത്തരം വാഹനാപകടങ്ങൾ കൂടുതലായി വരുന്നുവെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ, ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ബ്രീത്ത് അനലൈസർ, ആൽക്കോമീറ്റർ എന്നിവ ഉപയോഗിച്ചും കർശന വാഹന പരിശോധന നടത്തിയും ഐ.പി.സിയിലേയും എം.വി. ആക്ടിലേയും സെക്ഷനുകൾ പ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | മദ്യപിച്ച് വാഹനമോടിച്ചതുമായി ബന്ധപ്പെട്ട് 2012 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ആയത് 2011-ൽ എത്ര; | (ഇ) | മദ്യപിച്ച് വാഹനമോടിച്ച് അപകടം സംഭവിച്ചതിന് 2012-ലും 2011-ലും 168 കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലാണ് ഇത്തരം കേസുകൾ |

| | | | |
|---|---|---|---|
| | ഏറ്റവും കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത ജില്ല ഈ രണ്ട് വർഷങ്ങളിൽ ഏതെന്ന് വ്യക്തമാക്കുമോ; | | കൂടുതലായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. 2011-ൽ രജിസ്റ്റർ ചെയ്ത 93 കേസ്സുകളിൽ (സിറ്റി - 91, റൂറൽ -2) എന്ന ക്രമത്തിലും 2012-ൽ രജിസ്റ്റർ 72 കേസ്സുകളിൽ (സിറ്റി-69, റൂറൽ-3) എന്ന ക്രമത്തിലുമാണ്. |
| **(എഫ്)** | മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | **(എഫ്)** | നടപടികൾ സ്വീകരിച്ചു വരുന്നു. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് റദ്ദു ചെയ്യുന്നതിനായി ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് റിപ്പോർട്ട് അയച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ